**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 929** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുടുംബി സമുദായത്തിന്റെ തൊഴിൽ-വിദ്യാഭ്യാസ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനസംഖ്യയിൽ കുടുംബി സമുദായം എത്രശതമാനം ഉണ്ടെന്ന് കണക്കായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കാമോ; | (എ) | കണക്കാക്കിയിട്ടില്ല. |
| (ബി) | കുടുംബി സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രശതമാനം; | (ബി) | ഉണ്ട്. ഹയർ സെക്കന്ററി, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് 1% വും, ആർട്സ് & സയൻസ് കോഴ്സുകൾക്ക് ഒ.ബി.എച്ച്. വിഭാഗത്തിൽ ഉൾപ്പെടുത്തി 3% വും, മെഡിക്കൽ പി.ജി. പ്രവേശനത്തിന് 1% വും സംവരണം അനുവദിക്കുന്നുണ്ട്. |
| (സി) | ഏതൊക്കെ കോഴ്സുകൾക്കാണ് സംവരണം നൽകുന്നത് എന്ന് വ്യക്തമാക്കുമോ; ഡിഗ്രി കോഴ്സുകൾക്ക് സംവരണം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഈ സമുദായങ്ങൾക്ക് ഹയർ സെക്കന്ററി, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ, ആർട്സ് & സയൻസ് കോഴ്സുകൾ, മെഡിക്കൽ പി.ജി. കോഴ്സുകൾ എന്നിവയുടെ പ്രവേശനത്തിന് സംവരണം അനുവദിക്കുന്നു. ഡിഗ്രി കോഴ്സുകൾക്ക് ഒ.ബി.എച്ച്. വിഭാഗത്തിനുള്ള 3% -ൽ ഉൾപ്പെടുത്തി സംവരണം അനുവദിക്കുന്നു. |
| (ഡി) | കുടുംബി സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (ഡി) | കുടുംബി സമുദായങ്ങൾക്ക് റെസിഡ്യൂവൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി സർക്കാർ സർവ്വീസിൽ സംവരണം അനുവദിക്കുന്നുണ്ട്. റെസിഡ്യൂവൽ ഒ.ബി.സി. യുടെ സംവരണ ശതമാനം ക്ലാസ് IV തസ്തികകൾക്ക് 6% വും ക്ലാസ് IV ഇതര തസ്തികകൾക്ക് 3% വുമാണ്. |

സെക്ഷൻ ഓഫീസർ